# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P8/1984/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 28/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം )
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)

നമ്പർ: KSA KLM P8/1984/2023 തീയ്യതി: 28/11/2023

## കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 18-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2023 | 18-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി ശ്രീജ എസ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ്തിരവീന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സക്കീർ ഹുസൈൻ എം.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മനോജ്.എം.ഒ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി മുനീറ ബീവി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷബീന.എച്ച് | കൃഷിഅസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.രാകേഷ്.എ. | പട്ടികജാതിവികസന ഓഫീസർ | 01-04-2022 | 05-07-2022 |
| ശ്രീമതി മഞ്ജു.എ | പട്ടികജാതിവികസന ഓഫീസർ | 06-07-2022 | 31-03-2023 |
| ഡോ.രമ എസ് | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2022 | 18-09-2022 |
| ഡോ.ബൈജുഷാ എ.എം | സീനിയർ വെറ്ററിനറി സർജ്ജൻ | 19-09-2022 | 31-03-2023 |
| ഡോ.സുനിൽകുമാർ.ഡി | മെഡിക്കൽ ആഫീസർ, സി.എച്ച്.സി. | 01-04-2022 | 31-10-2022 |
| ഡോ.ബീന എ.എസ് | മെഡിക്കൽ ആഫീസർ, സി.എച്ച്.സി. | 01-11-2022 | 31-03-2023 |
| ശ്രീമതി ലത.പി.എൻ. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മേരിദാസ് | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-12-2022 |
| ശ്രീമതി താര ജെ.ജെ | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-01-2023 | 03-02-2023 |
| ശ്രീ ദിലീപ് കുമാർ എസ് | ഇൻസ്പെക്ടർ ഓഫ് | 04-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| | ഫിഷറീസ് | | |
| ശ്രീമതി റെമീജിയസ് ഫെർണാണ്ടസ് | ശിശുവികസന ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി ബിജി.എൽ | ശിശുവികസന ഓഫീസർ | 01-06-2022 | 20-12-2022 |
| ശ്രീമതി ഷിബില.ജെ | ശിശുവികസന ഓഫീസർ | 21-12-2022 | 31-03-2023 |
| ശ്രീ അബ്ദുൾസലിം.എം. | ക്ഷീരവികസന ആഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1.1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1.2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1.3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1.4 |
| 6 | പേയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR നിന്ന് ഒഴിവാക്കിയില്ല. | 1-1.5 |
| 7 | സ്വച്ഛ് ഭാരത് മിഷൻ അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1.6 |
| 8 | വാർഷിക ധനകാര്യപത്രികയിൽ ബാങ്ക് അക്കൗണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1.7 |
| 9 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവ് സുലേഖ ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1.8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-11 |
| 20 | ഹോം കെയർ വാഹന വാടക - 44,444/-രൂപ അധികം നൽകി. | 1-12 |
| 21 | തഴവ, ആലപ്പാട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കേരള വാട്ടർ അതോറിറ്റി തിരികെ നൽകിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിലേക്ക് വകയിരുത്തി. | 1-13 |

| | | |
|---|---|---|
| 22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 46,68,247/-രൂപ തടസ്സപ്പെടുത്തുന്നു. | 1-14 |
| 23 | എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി. | 1-15 |
| 24 | ലൈഫ് പി.എം.എ.വൈ ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-16 |
| 25 | ഇ-ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല. | 1-17 |
| 26 | അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കൽ - ഭരണസമിതി ഇടപെടൽ വൈകുന്നു - 2021-22 ൽ കരാർ വച്ച പ്രവൃത്തി പൂർത്തിയായില്ല. | 1-18 |
| 27 | ദേശീയ പാതയ്ക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തു - നഷ്ടപരിഹാരം ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല. | 1-19 |
| 28 | മുളയ്ക്കാട്ട് ചിറ നവീകരണം - കരാർ വച്ച് സൈറ്റ് കൈമാറിയ പ്രവൃത്തി നാളിതുവരെ ആരംഭിച്ചില്ല. | 1-20 |
| 29 | വായനശാലകളിലേക്ക് ടെലിവിഷൻ - ടെണ്ടർ നടപടികളിലെ അപാകത | 1-21 |
| 30 | പാലിന് സബ്സിഡി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഹോം കെയർ വാഹന വാടക - 44,444/-രൂപ അധികം നൽകി. | 3-1 |
| 2 | എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 11-07-2023 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 12-7-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ =

70,73,841/-രൂപ

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40 B – 40 A) = 58,26,219/-രൂപ

**1-1.3 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.**

CFC RP40 (B) പ്രകാരമുള്ള നീക്കിയിരിപ്പ് - 1,09,51,655/-രൂപ

B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് - 1,09,39,028/-രൂപ

വ്യത്യാസം - 12,627/-രൂപ
പറയണത്ത് ജംഗ്ഷൻ കുറ്റിക്കാട്ട് ജംഗ്ഷൻ ഓടനിർമ്മാണ പ്രവൃത്തിയുടെ റീട്ടെൻഷൻ തുക 12,627/-രൂപ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല ആയതിനാലാണ് വ്യത്യാസം ഉണ്ടായത്.

**1-1.4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**1-1.5 പേയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR നിന്ന് ഒഴിവാക്കിയില്ല.**

2022-23 ൽ വികസന ഫണ്ട് ജനറൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 17,51,041/-രൂപയുടെ വ്യത്യാസം ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സീരിയൽ നമ്പർ | ബിൽ നമ്പർ/തീയതി | പ്രോജക്ട് നമ്പർ | തുക(രൂപ) |
|---|---|---|---|
| 1 | 324/30-3-23 | 25/232 | 5,04,294/- |
| 2 | 330/31-3-23 | 63/23 | 5,29,887/- |
| 3 | 329/30-3-23 | 63/23 | 4,17,689/- |
| 4 | 328/31-3-23 | 97/23 | 1,95,768/- |
| 5 | 323/30-3-23 | 75/23 | 1,03,403/- |

**1-1.6 സ്വച്ഛ് ഭാരത് മിഷൻ അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

സ്വച്ഛ് ഭാരത് മിഷൻ പ്രോജക്ടിനായി 08.11.21 ൽ ആരംഭിച്ച I.D.B.lലെ അക്കൗണ്ട് നം. 0737104000133968 ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 31.03.2023 ൽ അക്കൗണ്ടിൽ ബാലൻസ് ഇല്ല.

**1-1.7 വാർഷിക ധനകാര്യപത്രികയിൽ ബാങ്ക് അക്കൗണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.**

SCB K.S. Puram ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1-4-22 ൽ 6,672/-രൂപ മുന്നിരിപ്പ് ഉണ്ട്. എന്നാൽ AFS ലെ RP 40(a) പ്രകാരം 6,509/-രൂപ. 31.3.23 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് - 6,941/-രൂപ എന്നാൽ AFS ലെ RP 40(b) പ്രകാരം 6,778/-രൂപ.

Sub Treasury Karunagapally – Joint Venture സ്റ്റേറ്റ്മെന്റ് പ്രകാരം 31-3-23 ൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ RP 40(b) പ്രകാരം നീക്കിയിരിപ്പ് 368/-രൂപ.

**1-1.8 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവ് സുലേഖ ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.**

AFS പ്രകാരമുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവ് - 22,10,000/-രൂപയാണ്. എന്നാൽ സുലേഖ

പ്രകാരമുള്ള ചെലവ് – 9,10,000/-രൂപ. വ്യത്യാസം – 13,00,000/-രൂപ. കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് വിവരങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

വെബ് സാംഖ്യ വഴി റിക്വസിഷൻ നൽകാത്തതിനാലാണ് 13,00,000/-രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാഞ്ഞത്.

## 1-2 ബജറ്റ്

24.03.2022-ാം തീയതിയിലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 08.02.23-ാം തീയതിയിലെ 3(1) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,00,47,965/- |
| വരവ് | ₹8,91,70,676/- |
| ആകെ | ₹9,92,18,641/- |
| ചെലവ് | ₹8,33,44,457/- |
| നീക്കിയിരിപ്പ് | ₹1,58,74,184/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/നിരാകരിച്ച തുക | ₹1,02,621/- |
| തടസ്സപ്പെടുത്തിയ തുക | ₹87,03,418/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് ** (ജനറൽ) | 0 | 3,81,58,000/- | 3,81,58,000/- | 3,41,17,311/- | 40,40,689/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,61,04,000/- | 1,61,04,000/- | 1,41,25,807/- | 19,78,193/- |
| വികസനഫണ്ട് (ടി എസ് പി) | 0 | 1,17,000/- | 1,17,000/- | 1,04,000/- | 13,000/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 90,21,000/- | 90,21,000/- | 56,90,652/- | 33,30,348/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ട്രഷറി | 0 | 10,88,000/- | 10,88,000/- | 0 | 10,88,000/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് - | 33,193/- | 61,52,000 + 3,06,286/- (പലിശ) = 64,58,286/- | 64,91,479/- | 47,80,451/- | 17,11,028/- |

| | | | | | |
|---|---|---|---|---|---|
| അൺടൈഡ്) - ബാങ്ക് | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ട്രഷറി | 0 | 10,00,494/- | 10,00,494/- | 9,31,406/- | 69,088/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 44,55,000/- | 92,28,000/- | 13,68,30,00/- | 44,55,000/- | 92,28,000/- |

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ടി എസ് സി | 9,67,343/- | 78,180/- | 10,45,523/- | 40,400/- | 10,05,123/- |
| നിർമൽ | 1,03,976/- | 2,839/- | 1,06,815/- | 0 | 1,06,815/- |
| ഗ്രാമപഞ്ചായത്ത് | 0 | 23,39,044/- | 23,39,044/- | 22,10,000/- | 1,29,044/- |
| പൈക്ക | 62,249/- | 1,699/- | 63,948/- | 0 | 63,948/- |
| സാക്ഷരത | 2,289/- | 64/- | 2,353/- | 0 | 2,353/- |
| എസ്.സി ഡിപ്പാർട്ട്മെന്റ് | 0 | 27,00,000/- | 27,00,000/- | 19,00,000/- | 8,00,000/- |

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകളിൽ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 85 | 10,68,87,015/- | 74 | 6,90,09,144/- | 0 | 11 | 87% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2023 തീയതിയിൽ 12.00 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേദിവസം ക്യാഷിനത്തിൽ വരവില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിന്റെ ആഭ്യന്തര പരിശോധനാവേളയിൽ

വിലയിരുത്തുകയുണ്ടായി.

2022-23 സാമ്പത്തിക വർഷത്തിൽ ടൈഡ് ഫണ്ട് ഇനത്തിൽ 92,28,000/-രൂപയാണ് ലഭ്യമായത്. 109/2023 ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ സത്യാലയം കടവ്-മാധവമന്ദിരം ചീപ്പ് നിർമ്മാണം, 110/2023 പന്നക്കാട്ടിൽ യദുഭവനം തോടിന് ചീപ്പ് നിർമ്മാണം എന്നീ പ്രോജക്ടുകൾക്ക് മൈനർ ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്ക് വിധേയമായി സാങ്കേതികാനുമതി ലഭിക്കാത്തതിനാലും, മുളയ്ക്കാട്ട് ചിറ നവീകരണം (എസ്.ഒ 09/23)അതിർത്തി നിർണ്ണയത്തിന് വിധേയമായി പദ്ധതി ആരംഭിക്കാൻ കഴിയാത്തതിനാലും ടൈഡ് ഫണ്ട് ഇനത്തിലുള്ള തുക 92,28,000/-രൂപ തൻവർഷം ചെലവഴിക്കാൻ കഴിയാത്തത് ഗൗരവമുള്ള വിഷയമാണ്. മേൽ പദ്ധതികളിൽ ഉൾപ്പെട്ട 110/2023 പന്നക്കാട്ടിൽ യദുഭവനം തോടിന് ചീപ്പ് നിർമ്മാണം പദ്ധതി സൈറ്റിലെ പ്രത്യേകത കാരണം പ്രായോഗികമല്ല എന്ന് അസി.എക്സി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്, താരതമ്യേന വലിയ പദ്ധതികൾ കൃത്യമായ സ്ഥലപരിശോധന, സാദ്ധ്യതാ പഠനം എന്നിവ നടത്തിയല്ല ഏറ്റെടുക്കുന്നത് എന്നതിന് തെളിവാണ്. (സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022, 3.8.3(7)) പദ്ധതി പ്രവർത്തനങ്ങൾ അംഗീകാരം കിട്ടുന്ന മുറയ്ക്ക് തന്നെ നിർവ്വഹണ നടപടികൾ ആരംഭിക്കുന്നില്ല.ഓട നിർമ്മാണം പ്രോജക്ടുകൾക്ക് പൊതുവെ 6 മുതൽ 8 മാസം വരെയാണ് നിർവ്വഹണ കാലയളവ് നല്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ളത്. ഒരു മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്ന പ്രസ്തുത പ്രവൃത്തിക്ക് സ്ഥലത്തിന്റെ പ്രത്യേകത (കാലാവസ്ഥ വ്യതിയാനം) കാരണമാണ് ഇപ്രകാരം നീണ്ട കാലയളവ് നൽകുന്നതെന്ന് നിർവ്വഹണാധികാരികൾ വ്യക്തമാക്കുമ്പോഴും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലും ഇപ്രകാരം നീണ്ട കാലയളവ് വച്ച് സാങ്കേതികാനുമതി വാങ്ങുന്നില്ലയെന്നത് ശ്രദ്ധേയമാണ്. ഇപ്രകാരം നീണ്ട കാലയളവ് നല്കുന്നതുകാരണം കാലാവധി അവസാനിക്കുന്ന സമയം കരാറുകാരൻ പ്രവൃത്തി ആരംഭിക്കുമ്പോൾ സൈറ്റിൽ മറ്റ് തർക്കങ്ങൾ ആരംഭിക്കുകയും പ്രവൃത്തി തൻവർഷത്തിൽ തന്നെ പൂർത്തീകരിച്ച് തുക ചെലവഴിക്കാൻ കഴിയാതെ വരുന്നു. പദ്ധതിപണം ലാപ്സ് ആകുന്നതിന് ഇത് കാരണമാകുന്നു. (ഉദാ. പുലിത്തിട്ട മുതൽ കോഴിമുറി പാടം വരെയുള്ള ഓട നിർമ്മാണം - 2021-22 സാങ്കേതികാനുമതി ലഭിച്ച് 22.09.2022 കരാർ വച്ച പ്രവൃത്തി നാളിതുവരെ പ്രാദേശിക തർക്കം കാരണം പൂർത്തീകരിച്ചിട്ടില്ല.)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2023 മുതൽ 16.02.2023 വരെ | 2021-22 | 26.05.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.2022 മുതൽ 02.04.2022 വരെ | 2016-17 മുതൽ 2020-21 വരെ | 19.05.2022 |

## 1-11 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വാടകയ്ക്ക് നൽകിയിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന കടമുറികളിൽ നിന്നും 5,19,504/-രൂപ വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.5.2021 ലെ 1015/21, ധനവകുപ്പിന്റെ 30.09.2021 ലെ 115/21 ഫിൻ നമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 05/2021, 06/2021, 07/2021 മുതൽ 12/2021 വരെ ആകെ 8 മാസങ്ങളിലെ വാടക ഒഴിവാക്കിയിട്ടുണ്ട്. ടി മാസങ്ങളെ ഒഴിവാക്കി ബാക്കി 31.03.2023 വരെയുള്ള കാലയളവിൽ ഈടാക്കാനുള്ള പിഴപലിശ ഉൾപ്പെടെയുള്ള വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | കടമുറി വാടകയ്ക്ക് | റൂം | മാസവാടക(രൂ)/ | വാടക | പിഴപലിശ | കുടിശ്ശിക |
|---|---|---|---|---|---|---|

| നം | എടുത്ത വ്യക്തി | നമ്പർ | വാടക ഒടുക്കുവാനുള്ള കാലയളവ് (05/21 മുതൽ 12/21 വരെയുള്ള കാലയളവ് ഒഴികെ) | (രൂപ) | 18% നിരക്കിൽ (രൂപ) | (രൂപ) |
|---|---|---|---|---|---|---|
| 1 | ആദിത്യമോഹൻ, പരുത്തുംമൂട്ടിൽ, ചെറിഴയിക്കൽ പി.ഒ. | 1 | 1,313/- (6/2022 മുതൽ 03/23 വരെ 10 മാസം) | 13,130/- | 2,363/- | 15,493/- |
| 2 | വിജയൻ, വിളയിൽ തെക്കതിൽ, കല്ലേലിഭാഗം പി.ഒ, തൊടിയൂർ | 4 | 1,313/- 10/2022 മുതൽ 03/23 വരെ 6 മാസം) | 7,878/- | 1,418/- | 9,296/- |
| 3 | വിജയൻ, വിളയിൽ തെക്കതിൽ, കല്ലേലിഭാഗം പി.ഒ, തൊടിയൂർ | 5 | 1,313/- 10/2022 മുതൽ 03/23 വരെ 6 മാസം) | 7,878/- | 1,418/- | 9,296/- |
| 4 | നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്. പുരം | 8 | 1,313/- (4/2021 മുതൽ 03/23 വരെ 16 മാസം) | 21,008/- | 3,781/- | 24,789/- |
| | നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 9 | 1,313/- (4/2021 മുതൽ 03/23 വരെ 16 മാസം) | 21,008/- | 3,781/- | 24,789/- |
| 5 | ബേബി. സി, പുത്തൻമണ്ണേൽ, പി.വി സൗത്ത്, ഇടക്കുളങ്ങര പി.ഒ, തൊടിയൂർ | 15 | 2,400/- (3/2021 മുതൽ 03/23 വരെ 17 മാസം) | 40,800/- | 7,344/- | 48,144/- |
| 6 | ബേബി. സി, പുത്തൻമണ്ണേൽ, പി.വി സൗത്ത്, ഇടക്കുളങ്ങര പി.ഒ, തൊടിയൂർ | 16 | 2,400/- (11/2020 മുതൽ 03/23 വരെ 21 മാസം) | 50,400/- | 9,072/- | 59,472/- |
| 7 | ബേബി. സി, പുത്തൻമണ്ണേൽ, പി.വി സൗത്ത്, ഇടക്കുളങ്ങര പി.ഒ, തൊടിയൂർ | 17 | 2,400/- (3/2021 മുതൽ 03/23 വരെ 17 മാസം) | 40,800/- | 7,344/- | 48,144/- |
| 8 | ഷിബുകുമാർ, ലക്ഷമിവിലാസം | 2 | 1,313/- (12/2015 മുതൽ 03/23 വരെ 80 മാസം) | 1,05,040/- | 18,907/- | 1,23,947/- |
| 9 | ഷിബുകുമാർ, ലക്ഷമിവിലാസം | 3 | 1,313/- (4/2014 മുതൽ 3/23 വരെ 100 മാസം) | 1,31,300/- | 23,634/-/- | 1,54,934/- |
| | | | | ആകെ | | 5,19,504/- |

2019-20 സാമ്പത്തിക വർഷത്തെ വാടക നിരക്ക് തന്നെയാണ് നാളിതുവരെയും ഡിമാന്റ് ചെയ്തിരിക്കുന്നത്. വാടകയിൽ വാർഷിക വർദ്ധനവ് ഉണ്ടായിട്ടില്ല. വാടക ഈടാക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വാടക 1-04-23 മുതൽ 10% വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി.

കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ള തുകയായ 5,19,504/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 13/18.10.23

1-12 ഹോം കെയർ വാഹന വാടക - 44,444/-രൂപ അധികം നൽകി.

പദ്ധതി - 81/23, സാന്ത്വനപരിചരണം

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

അടങ്കൽ - 12,37,370/-രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് – 11,92,780/-രൂപ (വികസന ഫണ്ട് ജനറൽ)

2022-23 വർഷത്തിലെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഹോം കെയറിന് ആവശ്യമായ വാഹനം കൊട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. രാജീവ് കുമാർ മാത്രമേ പങ്കെടുത്തുള്ളൂ. പ്രതിദിനനിരക്ക് 729/-രൂപ കോട്ട് ചെയ്ത ശ്രീ. രാജീവ് കുമാറിൽ നിന്ന് വാഹനം വാടകയ്ക്ക് എടുത്തു. എന്നാൽ ദിവസ വാടക നൽകിയിരിക്കുന്നത് 1,000/-രൂപ നിരക്കിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സീ.നമ്പർ | മാസം | നൽകേണ്ട തുക ₹ | നൽകിയ തുക ₹/ബിൽ നമ്പർ, തീയതി | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 1 | ഏപ്രിൽ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 2 | മേയ് | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 3 | ജൂൺ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 4 | ജൂലൈ | 12x729= 8748/- | 12,000/- ബിൽ നമ്പർ-5/6-9-22 | 3,252/- |
| 5 | ആഗസ്റ്റ് | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 6 | സെപ്റ്റംബർ | 12x729= 8748/- | 12,000/- ബിൽ നമ്പർ-5/6-9-22 | 3,252/- |
| 7 | ഒക്ടോബർ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-7/17-10-22 | 4,065/- |
| 8 | നവംബർ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-8/12-12-22 | 4,065/- |
| 9 | ഡിസംബർ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-13/21-1-23 | 4,065/- |
| 10 | ജനുവരി | 9x729= 6,561/- | 9,000/- ബിൽ നമ്പർ-16/17-3-23 | 2,439/- |
| 11 | ഫെബ്രുവരി | 13x729= 9,477/- | 13,000/- ബിൽ നമ്പർ-16/17-3-23 | 3,523/- |
| 12 | മാർച്ച് | 13x729= 9,477/- | 13,000/- ബിൽ നമ്പർ-18/31-3-23 | 3,523/- |
| | | | ആകെ | 44,444/- |

അധികം തുക നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ക്വോട്ട് ചെയ്ത തുകയേക്കാൾ കൂടിയ നിരക്കിൽ വാഹന വാടക നൽകിയതുവഴി അധികം നൽകിയ 44,444/-രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/16-10-23
നിരാകരിച്ച തുക – 44,444/- രൂപ

1-13 തഴവ, ആലപ്പാട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കേരള വാട്ടർ അതോറിറ്റി തിരികെ നൽകിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിലേക്ക് വകയിരുത്തി.

തഴവ, ആലപ്പാട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിനായി (നം.216/23) തൻവർഷം കേരള വാട്ടർ അതോറിറ്റിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹2,76,567/- അടവാക്കിയിരുന്നു. 2022-23 സാമ്പത്തികവർഷം പൂർത്തിയാകാത്ത എല്ലാ ഡെപ്പോസിറ്റ് പ്രവൃത്തികളുടെയും തുകകൾ അതത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് തിരികെ നല്കുന്നതിന് സർക്കാർ ഉത്തരവ് നല്കിയതിനാൽ കേരള വാട്ടർ അതോറിറ്റി ₹1,25,767/-രൂപ ബ്ലോക്ക്പഞ്ചായത്തിന് ( ചെക്ക് നം.481636/29.04.23 ) തിരികെ ലഭ്യമാക്കിയിട്ടുണ്ട്. ടി തുക നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പ്രത്യേകാവശ്യത്തിനായി അനുവദിച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ക്രമരഹിതമായതിനാൽ ടി തുക സി.എഫ്.സി ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

1-14 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 46,68,247/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല

| പദ്ധതി നം/പേര് | അടങ്കൽ തുക ₹ | ചെലവ് തുക ₹/ ബിൽ നം/തീയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|
| 17/23 ഐ.കെ.എം വിഹിതം നൽകൽ | 68,000/- (വിക. ഫണ്ട്) | 62,247/- (15/26.10.22) | ഐ.കെ.എം |
| 36/23 തഴവ ആലപ്പാട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,22,000/- (ധന.ഗ്രാന്റ്) | 2,76,567/-നിക്ഷേപിച്ചതിൽ 1,25,567/-രൂപ (6/2.7.22) (229/24.2.23) കെ.ഡബ്ല്യു.എ തിരികെ നൽകിയിട്ടുണ്ട്. 1,51,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായില്ല | കെ.ഡബ്ല്യു.എ പി.എച്ച്.ഡിവിഷൻ |
| 22/23 നാട്ടുവാതുക്കൽ മുതൽ തഴത്തോട് വരെ തോട്ടുകര തോട് ഭിത്തികെട്ടി സംരക്ഷണം ഒന്നാംഘട്ടം | 22,27,500/- (ധന.ഗ്രാന്റ്) | 22,27,500/- (65/23.11.22) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ കൊല്ലം |
| 23/23 നാട്ടുവാതുക്കൽ മുതൽ തഴത്തോട് വരെ തോട്ടുകര തോട് ഭിത്തികെട്ടി | 22,27,500/- (ധന.ഗ്രാന്റ്) | 22,27,500/- (66/23.11.22) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ |

| | | | |
|---|---|---|---|
| സംരക്ഷണം രണ്ടാംഘട്ടം | | | കൊല്ലം |
| | ആകെ | 46,68,247/- | |

വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 46,68,247/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 12/18.10.23

തടസ്സപ്പെടുത്തുന്ന തുക – 46,68,247/-രൂപ

1-15 എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി.

| | |
|---|---|
| പ്രോജക്ട് നം. | S0021/23 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 58,377/-രൂപ (റ്റി.എസ്.പി.) |
| ചെലവ് തുക | 58,177/-രൂപ<br>(ബിൽ നമ്പർ - 10/27.8.22, 24/17.12.22) |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി രണ്ട് പദ്ധതികളിലായി മുൻവർഷം 1,07,000/-രൂപ ചെലവഴിച്ചിട്ടുള്ളതിന്റെ വിവരം 2021-22 ൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17, 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. "വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ" എന്ന മേൽ പദ്ധതി സ്പിൽ ഓവറായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കി ഓച്ചിറ, കുലശേഖരപുരം, തൊടിയൂർ ഗ്രാമപഞ്ചായത്തുകളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികൾക്ക് മേശ, കസേര, അലമാര, സൈക്കിൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം 22/2018/ത.സ്വ.ഭ.വ. ഖണ്ഡിക 7-2-7 പ്രകാരം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്ന പദ്ധതിയിൽ മേശയും കസേരയും വാങ്ങുന്നതിന് 5,000/-രൂപ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത മേൽ പദ്ധതിയിൽ മേശ, കസേര, സൈക്കിൾ, അലമാര എന്നിവ വാങ്ങിനൽകുന്നതിനായി തൻവർഷം 58,177/-രൂപ സിഡ്കോയുടെ ഇൻവോയ്സ് നം. 144/21.03.22 പ്രകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പട്ടിക വർഗ്ഗം വിഭാഗത്തിൽപ്പെട്ട കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്ന ഉദ്ദേശത്തോടുകൂടി ഗ്രാമപഞ്ചായത്തിന് ടി.എസ്.പി ഇനത്തിൽ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ടി പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ടി മറുപടി തൃപ്തികരമല്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിയ്ക്ക് ചെലവഴിച്ച 58,177/-രൂപ അംഗീകരിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖകൾ പാലിക്കാതെ പദ്ധതി നിർവ്വഹണത്തിലൂടെ സർക്കാർ പണത്തിനുണ്ടായ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 09/16.10.23

നിരാകരണം – 58,177/-രൂപ

1-16 ലൈഫ് പി.എം.എ.വൈ ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് പദ്ധതി ആനുകൂല്യം

അനുവദിക്കുന്നത്. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| പേര് (ശ്രീ/ശ്രീമതി) | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക ₹ | ബാക്കി തുക ₹ | ആദ്യഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| രമണി | കുലശേഖരപുരം | 2,94,000/- | 1,06,000/- | 21.2.22 |
| പ്രമോദ് | കുലശേഖരപുരം | 1,46,000/- | 2,54,000/- | 18.2.22 |
| രമ | ക്ലാപ്പന | 2,28,000/- | 1,72,000/- | 9.1.23 |
| മിനി | ക്ലാപ്പന | 2,76,000/- | 1,24,000/- | 9.1.23 |
| അംബിക | തഴവ | 48,000/- | 3,52,000/- | 10.3.22 |
| സൽമത്ത് കോട്ടപുറത്ത് | തൊടിയൂർ | 3,30,000/- | 70,000/- | 23.3.22 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 7/16.10.23

## 1-17 ഇ-ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല.

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഇനത്തിലുള്ള ടെണ്ടർ ഫോറത്തിന്റെ വിലയായ 19,280/-രൂപ ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്.ബി.ഐ വവ്വാക്കാവ് ബ്രാഞ്ചിലുള്ള 37470508435 അക്കൗണ്ട് നമ്പറിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കൽ - ഭരണസമിതി ഇടപെടൽ വൈകുന്നു - 2021-22 ൽ കരാർ വച്ച പ്രവൃത്തി പൂർത്തിയായില്ല.

തൊടിയൂർ പഞ്ചായത്തിലെ വാർഡ് 23 ൽ എഫ്.സി.ഐ കോളനിയിൽ ഓടയും കവറിംഗ് സ്ലാബ് നിർമ്മാണവും 16.12.2021 ൽ കരാർ വച്ച പ്രവൃത്തിയാണ് (02/21-22/എ.ഇ.ഇ/ഒ.ബി.പി). 29.01.2022 ൽ ആരംഭിച്ച പ്രവൃത്തി 36.05 മീറ്റർ നീളത്തിൽ ഓടയുടെ ബെഡ്ഡും ഇരുസൈഡിലും കൂടി ആകെ 59.20 മീറ്റർ നീളത്തിൽ ഓടയും സൈഡ് വാളും ചെയ്ത ഇനത്തിൽ ബിൽ നമ്പർ 512137/30.03.2022 പ്രകാരം 3,75,326/-രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്ട് നമ്പർ 85/22)

56.5 മീറ്റർ നീളത്തിൽ ഓടയുടെ ബെഡ്ഡും ഓടയുടെ ഇരു സൈഡിലും കൂടി ആകെ 113.5 മീറ്റർ നീളത്തിൽ സൈഡ് വാളും ചെയ്ത ഇനത്തിൽ 443279/23.03.2023 ബിൽ പ്രകാരം 7,40,266/- രൂപ 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 89.58 മീറ്റർ നീളത്തിൽ സ്ലാബ് നിർമ്മാണം പൂർത്തിയാക്കിയ ഇനത്തിൽ 396559/28.03.2023 ബിൽ പ്രകാരം 10,61,131/-രൂപ 2022-23 വർഷം ചെലവഴിച്ചു. (പ്രോജക്ട് നമ്പർ 27/23)

മേൽ പ്രവൃത്തിക്ക് നാളിതുവരെ ചെലവഴിച്ച തുക 21,76,723/-രൂപയാണ്. പ്രസ്തുത വർക്കിന്റെ തുടക്കഭാഗത്ത് സ്വകാര്യ വ്യക്തി അനധികൃതമായി നിർമ്മിച്ച മതിൽ സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി പൂർത്തിയായിട്ടില്ല.

മഴവെള്ളവും ഓടയിലെ വെള്ളവും ചേർന്ന കരകവിഞ്ഞ് ഒഴുകി പരിസരവാസികളുടെ വീടുകളിൽ വെള്ളം കയറുന്ന സാഹചര്യം ഒഴിവാക്കുന്നതിന് (സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ) ഭരണസമിതിയുടെ ഇടപെടൽ അനിവാര്യമാണെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഭരണസമിതിയുടെ

ഇടപെടൽ ഉണ്ടായിട്ടുള്ളതായി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കിയെങ്കിലും (അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.10.2023 ചെ.എ1/257/എ.ഇ.ഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യൂ /ഒ.ബി.പി/2023 കത്ത്) ഫയലിൽ ഇത്തരത്തിലുള്ള രേഖാമൂലമുള്ള ഇടപെടലുകൾ ഉണ്ടായിട്ടില്ലായെന്നും, മതിൽ പൊളിച്ചുമാറ്റിയിട്ടില്ലായെന്നും വ്യക്തമായിട്ടുണ്ട്.

43,98,600/-രൂപ അടങ്കൽ വച്ച പ്രസ്തുത പദ്ധതിയ്ക്ക് 21,76,723/-രൂപ ചെലവഴിച്ചിട്ടും, പരിസരവാസികളുടെ വീടുകളിൽ വെള്ളം കയറുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സാധിക്കുന്നില്ലെന്നുള്ളതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-19 ദേശീയ പാതയ്ക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തു - നഷ്ടപരിഹാരം ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല.

ദേശീയപാത 66-ന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തതിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരുനാഗപ്പള്ളി താലൂക്കിൽ ഓച്ചിറ വില്ലേജിൽ ബ്ലോക്ക് നം.3 ൽ സർവ്വേ നമ്പർ 212/2 ൽ നിന്നും 212/15 എൽ.എ. സബ് ഡിവിഷൻ നമ്പരായി 461 ച.മീ ഭൂമിയും അതിലുണ്ടായിരുന്ന കെട്ടിടങ്ങളും ഏറ്റെടുത്തിരുന്നതാണ്. ആയതിന്റെ നഷ്ടപരിഹാരതുക കരുനാഗപ്പള്ളി സബ്ട്രഷറിയിലെ 79901300001075 നമ്പർ LGTSB അക്കൗണ്ടിലേയ്ക്ക് അനുവദിക്കണമെന്ന് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) എൻ.എച്ച് അതോറിറ്റിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരതുകയായ 66,75,015/-രൂപ 0075-00-105-98 എന്ന അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതായി 15.07.22 ലെ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ (ലാന്റ് അക്വസിഷൻ) നാഷണൽ ഹൈവേ & കോംപീറ്റന്റ് അതോറിറ്റി കൊല്ലം ന്റെ എ1-2295/2022 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്ലാൻ തയ്യാറാക്കി എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിവരങ്ങൾ നല്കിയാൽ മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് തുക ലഭ്യമാകുകയുള്ളൂവെന്ന് കത്തിൽ പറയുന്നു.

ഭരണസമിതിയുടെ 24.06.2023 ലെ തീരുമാനം നമ്പർ 5 ൽ തുക ലഭ്യമാക്കുന്നതിനായി പുതിയ കെട്ടിടം പണിയുന്നതിന് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സഹിതം പ്രൊപ്പോസൽ നൽകേണ്ടതുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കാലപ്പഴക്കം ചെന്ന നിലവിലുള്ള ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം പൊളിച്ചുമാറ്റിയാൽ മാത്രമേ പ്രസ്തുത കെട്ടിടത്തിനുള്ള സ്ഥലം ലഭ്യമാകുകയുള്ളൂ. പൊളിച്ചു മാറ്റുന്നതിന് സർക്കാർ അനുമതി ആവശ്യവുമാണ്.

മേൽ നടപടിക്രമങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 17.10.2023 എ.520/23(1)) കത്തിൽ പരാമർശിക്കുന്ന രീതിയിൽ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിനുള്ള തുടർനടപടികൾ ആരംഭിച്ച് നഷ്ടപരിഹാരതുക അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-20 മുളയ്ക്കാട്ട് ചിറ നവീകരണം - കരാർ വച്ച് സൈറ്റ് കൈമാറിയ പ്രവൃത്തി നാളിതുവരെ ആരംഭിച്ചില്ല.

ജലസ്രോതസ്സുകളുടെ നവീകരണം എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം വിഭാവനം ചെയ്ത പദ്ധതിയാണ് മുളയ്ക്കാട്ട് ചിറ നവീകരണം (എസ്. ഒ.09/2023). ധനകാര്യ കമ്മീഷൻ ടൈഡ് ഇനത്തിൽ അനുവദിക്കപ്പെട്ട 46,13,900/-രൂപ അടങ്കൽ വകയിരുത്തി.

തഴവ ഗ്രാമപഞ്ചായത്തിന്റെ (വാർഡ് 8) ആസ്തിയിൽ ഉൾപ്പെട്ട സ്ഥലത്ത് 1.65 മീ. വീതിയിൽ ഫുട്പാത്തിനുള്ള ഫില്ലിംഗ് ഉൾപ്പെടെ കുളത്തിന്റെ തെക്ക് വശത്ത് 140 മീ. സൈഡ് പ്രൊട്ടെക്ഷൻ വാൾ കൊടുക്കുന്നതിനും 40 മീ. മറ്റ് വശങ്ങളിൽ പ്രൊട്ടെക്ഷൻ വാൾ കൊടുക്കുന്നതിനും ആയിരുന്ന എസ്റ്റിമേറ്റ്. ഭരണിക്കാവ് ലേബർ കോൺട്രാക്ട് സൊസൈറ്റി 39,82,189/-രൂപ കരാർ തുക നിശ്ചയിച്ച് 17.11.2022 ന് കരാർ വച്ച് (നം. 03/22-23/എ.ഇ. ഇ/ഒ.ബി.പി) 27.11.2022 ന് സൈറ്റ് ഏറ്റെടുത്തു.

സ്ഥലപരിശോധനയിൽ പ്രവൃത്തിക്കായി മെറ്റീരിയൽ ഇറക്കിയിട്ടുണ്ട്.

പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് തന്നെ ടി സ്ഥലത്ത് കൈയ്യേറ്റം നടന്നിട്ടുള്ളതിനാൽ അതിർത്തി നിർണ്ണയിച്ച് നൽകുന്നതിന് കരാറുകാരൻ എൽ.എസ്.ജി.ഡി അസി.എക്സി. എഞ്ചിനീയറോട് ആവശ്യപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി അതിർത്തി നിർണ്ണയം നടത്തുന്നതിന് തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകി. അതിർത്തി നിർണ്ണയിച്ച് സ്കെച്ച് തയ്യാറാക്കി നൽകുന്നതിന് കരുനാഗപ്പള്ളി ഭൂരേഖാ വിഭാഗം തഹസീൽദാർക്കും പകർപ്പ് പാവുമ്പ വില്ലേജ് ഓഫീസർക്കും നൽകിയതായും ആയതിന്റെ അടിസ്ഥാനത്തിൽ അതിരുകൾ 16.03.2023 ൽ പുനർ നിർണ്ണയം ചെയ്യുന്നതാണെന്നുമുള്ള വിവരം തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

11.10.2023 ൽ നിർവ്വഹണോദ്യോഗസ്ഥയുമായി നടത്തിയ സ്ഥലപരിശോധനയിൽ അതിർത്തി നിർണ്ണയത്തിനായി ഇറക്കിയ കല്ലുകൾ എല്ലാം സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടു. ഓഡിറ്റ് അന്വേഷണത്തിന് അതിർത്തി നിർണ്ണയം നടത്തികിട്ടിയാൽ മാത്രമേ പ്രവൃത്തി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുവെന്ന് അസി.എക്സി.എഞ്ചിനീയർ 17.10.2023 ന് മറുപടി നൽകി.

പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ അതിർത്തി നിർണ്ണയം നടത്താത്തതിനാൽ പ്രസ്തുത പദ്ധതിക്കായി ടൈഡ് ഫണ്ട് ഇനത്തിൽ ബാങ്കിൽ വരവ് വന്നിട്ടുള്ള 46,14,000/-രൂപ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.
പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ ഉടസ്ഥാവകാശം, അതിർത്തികൾ എന്നിവ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാകേണ്ടതാണ്. അതിർത്തി നിർണ്ണയം നടത്തി പ്രവൃത്തി പൂർത്തീകരിച്ച് വിവരം അടിയന്തിരമായി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ - 2/2022-23 തീയതി.13.10.2023

## 1-21 വായനശാലകളിലേക്ക് ടെലിവിഷൻ - ടെണ്ടർ നടപടികളിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം | S0085/23 വായനശാലകളിലേക്ക് ടെലിവിഷൻ വാങ്ങൽ |
| അടങ്കൽ തുക | 3,08,000/-രൂപ |
| ചെലവ് തുക | 3,05,200/-രൂപ (54/23 തീ 29.3.23) |

2022-23 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ലൈബ്രറി കൗൺസിൽ അംഗീകാരം ഉള്ള വായനശാലകളിലേക്ക് (ഇതേ ആനുകൂല്യം മുൻപ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ) 28 ടെലിവിഷൻ വാങ്ങി നൽകിയിട്ടുണ്ട്. 17.3.23 ലെ BOOCR/245/23 നം ടെണ്ടർ പരസ്യം മുഖേന ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് M/S റോയൽ എന്റർപ്രൈസിസ് എന്ന സ്ഥാപനമാണ്. ME + Ultra Slim 1 YEAR WARRANTY-(8,080/-രൂപ), Carbon Brand – 32 Inch, 1 Year Warranty – 8,600/-രൂപ, Carbon Brand - 32 Inch, 3 Year Warranty – 10,600/-രൂപ – എന്നീ കമ്പനികളുടെ ഉൽപ്പന്നങ്ങളാണ് ടി സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ഫയൽ പരിശോധിച്ചതിൽ സ്റ്റീയറിംഗ് കമ്മിറ്റി തീരുമാനം നം HC/01/01 തീ 27.3.23 പ്രകാരം വായനശാലകളിലേക്ക് ടെലിവിഷൻ വാങ്ങൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M/S റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ MET Ultra Slim, Carbon എന്നീ കമ്പനികളുടെ ഉൽപ്പന്നത്തിന്റെ ഗുണനിലവാരം ഗ്രന്ഥശാലകളുടെ ഉപയോഗത്തിന് സാധ്യമല്ല എന്ന് കമ്മിറ്റി വിലയിരുത്തുകയും രണ്ടാമത്തെ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത രശ്മി ഹാപ്പി ഹോം എന്ന സ്ഥാപനം ക്വോട്ട് ചെയ്ത Haier LED – 32 Inch-(10,900/-രൂപ) എന്ന കമ്പിനിയുടെ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള ടെലിവിഷനുകൾ വാങ്ങുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ടി ദിവസം തന്നെ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള ടെലിവിഷനുകൾ പിറ്റേദിവസം തന്നെ വിതരണം ചെയ്യുവാൻ രശ്മി ഹാപ്പി

ഹോമിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. 28.3.23 ലെ RHA 159 നം ടാക്സ് ഇൻവോയ്സ് പ്രകാരം 28 ടെലിവിഷനുകൾ ടി സ്ഥാപനം വിതരണം ചെയ്യുകയും ചെയ്തു. പ്രൊക്യൂർമെന്റ് കമ്മിറ്റി യുടെ മിനിട്സ് പരിശോധിച്ചതിൽ കമ്മിറ്റി യോഗം പ്രസിഡന്റിന്റെ അധ്യക്ഷതയിൽ 28.3.23 ന് കൂടുകയും വായനശാലകളിലേക്ക് ടെലിവിഷൻ വാങ്ങൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത, Carbon LED ടിവിയേക്കാൾ അനുയോജ്യം Haier LED ടിവിയാണെന്ന് വിഷയ വിദഗ്ധനായ ശ്രീ.കെ ചന്ദ്രനന്ദനൻ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും Haier LED ടിവി വാങ്ങുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 30.3.23 ലെ 1(3) നം ജനറൽ കമ്മിറ്റി തീരുമാന പ്രകാരം ആയത് അംഗീകരിക്കുകയും ചെയ്തു. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് മുമ്പേ സപ്ലൈ ഓർഡർ നൽകിയത് പർച്ചേസ് നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. സപ്ലൈ ഓർഡർ 27.3.23 എന്ന് രേഖപ്പെടുത്തിയത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് എന്ന് ടി വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി(നം 10/23 തീ)ക്ക് ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. ടെണ്ടർ നടപടിക്രമങ്ങൾ സുതാര്യമാകേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ തുടർന്ന് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

1-22 പാലിന് സബ്സിഡി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പദ്ധതി – 82/23, പാലിന് സബ്സിഡി

അടങ്കൽ - 40,50,000/-രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് - 40,35,171/-രൂപ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി പ്രകാരം പാലിന് സബ്സിഡി ഇനത്തിൽ 40,35,171/-രൂപ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | തുക (രൂപ) |
|---|---|---|
| 1 | ഓച്ചിറ | 5,99,892/- |
| 2 | തഴവ | 10,99,881/- |
| 3 | കുലശേഖരപുരം | 9,20,380/- |
| 4 | ക്ലാപ്പന | 4,15,018/- |
| 5 | തൊടിയൂർ | 10,00,000/- |
| | ആകെ | 40,35,171/- |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ പാലിന് സബ്സിഡി ഇനത്തിൽ നൽകിയ 40,35171/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 40,35,171/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ - 18/18-10-23

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഹോം കെയർ വാഹന വാടക - 44,444/-രൂപ അധികം നൽകി.

പദ്ധതി - 81/23, സാന്ത്വനപരിചരണം

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

അടങ്കൽ - 12,37,370/-രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് – 11,92,780/-രൂപ (വികസന ഫണ്ട് ജനറൽ)

2022-23 വർഷത്തിലെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഹോം കെയറിന് ആവശ്യമായ വാഹനം കൊട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. രാജീവ് കുമാർ മാത്രമേ പങ്കെടുത്തുള്ളൂ. പ്രതിദിനനിരക്ക് 729/-രൂപ കോട്ട് ചെയ്ത ശ്രീ. രാജീവ് കുമാറിൽ നിന്ന് വാഹനം വാടകയ്ക്ക് എടുത്തു. എന്നാൽ ദിവസ വാടക നൽകിയിരിക്കുന്നത് 1,000/-രൂപ നിരക്കിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സീ.നമ്പർ | മാസം | നൽകേണ്ട തുക ₹ | നൽകിയ തുക ₹/ബിൽ നമ്പർ, തീയതി | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 1 | ഏപ്രിൽ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 2 | മേയ് | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 3 | ജൂൺ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 4 | ജൂലൈ | 12x729= 8748/- | 12,000/- ബിൽ നമ്പർ-5/6-9-22 | 3,252/- |
| 5 | ആഗസ്റ്റ് | 15x729= 10,935/- | 15,000/- ബിൽ നമ്പർ-5/6-9-22 | 4,065/- |
| 6 | സെപ്റ്റംബർ | 12x729= 8748/- | 12,000/- ബിൽ നമ്പർ-5/6-9-22 | 3,252/- |
| 7 | ഒക്ടോബർ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-7/17-10-22 | 4,065/- |
| 8 | നവംബർ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-8/12-12-22 | 4,065/- |
| 9 | ഡിസംബർ | 15x729= 10,935/- | 15,000/- ബിൽ നമ്പർ-13/21-1-23 | 4,065/- |
| 10 | ജനുവരി | 9x729= 6,561/- | 9,000/- ബിൽ നമ്പർ-16/17-3-23 | 2,439/- |
| 11 | ഫെബ്രുവരി | 13x729= 9,477/- | 13,000/- ബിൽ നമ്പർ-16/17-3-23 | 3,523/- |
| 12 | മാർച്ച് | 13x729= 9,477/- | 13,000/- ബിൽ നമ്പർ-18/31-3-23 | 3,523/- |
| | | | ആകെ | 44,444/- |

അധികം തുക നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ക്വോട്ട് ചെയ്ത തുകയേക്കാൾ കൂടിയ നിരക്കിൽ വാഹന വാടക നൽകിയതുവഴി അധികം നൽകിയ 44,444/-രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/16-10-23
നിരാകരിച്ച തുക – 44,444/- രൂപ

## 3-2 എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി.

| | |
|---|---|
| പ്രോജക്ട് നം | S0021/23 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 58,377/-രൂപ (റ്റി.എസ്.പി) |
| ചെലവ് തുക | 58,177/-രൂപ<br>(ബിൽ നമ്പർ - 10/27.8.22, 24/17.12.22 ) |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി രണ്ട് പദ്ധതികളിലായി മുൻവർഷം 1,07,000/-രൂപ ചെലവഴിച്ചിട്ടുള്ളതിന്റെ വിവരം 2021-22 ൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17, 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. "വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ" എന്ന മേൽ പദ്ധതി സ്പിൽ ഓവറായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കി ഓച്ചിറ, കുലശേഖരപുരം, തൊടിയൂർ ഗ്രാമപഞ്ചായത്തുകളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികൾക്ക് മേശ, കസേര, അലമാര, സൈക്കിൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം 22/2018/ത.സ്വ.ഭ.വ. ഖണ്ഡിക 7-2-7 പ്രകാരം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്ന പദ്ധതിയിൽ മേശയും കസേരയും വാങ്ങുന്നതിന് 5,000/-രൂപ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത മേൽ പദ്ധതിയിൽ മേശ, കസേര, സൈക്കിൾ, അലമാര എന്നിവ വാങ്ങിനൽകുന്നതിനായി തൻവർഷം 58,177/-രൂപ സിഡ്കോയുടെ ഇൻവോയ്സ് നം.144/21.03.22 പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളായ ആറു വിദ്യാർത്ഥികൾക്ക് മേൽ പദ്ധതി പ്രകാരം രണ്ട് സാമ്പത്തിക വർഷങ്ങളിലായി 27,529/-രൂപ വീതം ആകെ 1,65,177/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പട്ടിക വർഗ്ഗം വിഭാഗത്തിൽപ്പെട്ട കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്ന ഉദ്ദേശത്തോടുകൂടി ഗ്രാമപഞ്ചായത്തിന് ടി.എസ്.പി ഇനത്തിൽ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ടി പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ടി മറുപടി തൃപ്തികരമല്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിയ്ക്ക് ചെലവഴിച്ച 58,177/-രൂപ അംഗീകരിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖകൾ പാലിക്കാതെ പദ്ധതി നിർവ്വഹണത്തിലൂടെ സർക്കാർ പണത്തിനുണ്ടായ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 09/16.10.23
നിരാകരണം – 58,177/-രൂപ

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 10-10-2023 | കെ.എസ്.എ.കെ.എൽ.എം.പി.8/1984/23 തീയതി – 22.11.2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 8,82,000/- | 39/23, പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ) | 8,82,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 9,80,000/- | 98/23 പി.എം.എ.വൈ.(ജി.) ഭവന നിർമ്മാണം (എസ്.സി.പി.) | 9,80,000/- | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 4,90,000/- | 39/23 പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ) | 4,90,000/- | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 4,20,000/- | 98/23, പി.എം.എ.വൈ. ഭവന നിർമ്മാണം (ജി.)/ലൈഫ് (എസ്.സി.പി.) | 4,20,000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ടിന്റെ നം. | പേര് | ഫണ്ട് ഇനം, ബിൽ നം, തുക ₹ | നിക്ഷേപിച്ചത് |
|---|---|---|---|---|
| 1 | 36/23 | തഴവ, ആലപ്പാട് ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2,76,567/- (6/2.7.22) (229/24.2.23) | കേരള വാട്ടർ അതോറിറ്റി, കൊല്ലം |
| 2 | 22/23 | ഓച്ചിറ പഞ്ചായത്തിലെ നാട്ടുവാതുക്കൽ മുതൽ തഴത്തോട് വരെ തോട്ടുകര തോടിന് ഭിത്തികെട്ടി സംരക്ഷിക്കൽ ഒന്നാംഘട്ടം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 22,27,500/- (65/23.11.22) | മൈനർ ഇറിഗേഷൻ |
| 3 | 23/23 | ഓച്ചിറ പഞ്ചായത്തിലെ നാട്ടുവാതുക്കൽ മുതൽ തഴത്തോട് വരെ തോട്ടുകര തോടിന് ഭിത്തികെട്ടി സംരക്ഷിക്കൽ രണ്ടാംഘട്ടം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 22,27,500/- (66/23.11.22) | മൈനർ ഇറിഗേഷൻ |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 26,829/- | ഡോ. സുനിൽകുമാർ ഡി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| | | 17,615/- | ഡോ.ബീന എ.എസ് മെഡിക്കൽ ആഫീസർ, സി.എച്ച്.സി. |
| 3-2 | | 58,177/- | ശ്രീ.സക്കീർ ഹുസൈൻ, സെക്രട്ടറി |
| | ആകെ | 1,02,621/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 46,68,247/- | ശ്രീ. സക്കീർ ഹുസൈൻ, സെക്രട്ടറി |
| 1-22 | 40,35,171/- | ശ്രീ. അബ്ദുൾസലീം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 87,03,418/- | |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സക്കീർ ഹുസൈൻ,<br>സെക്രട്ടറി | സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | കൈപ്പള്ളിത്തറ, പുന്നക്കുളം,<br>കരുനാഗപ്പള്ളി |
| ഡോ. സുനിൽകുമാർ ഡി,<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.) | മെഡിക്കൽ പി. ജി പഠനത്തിന് ലീവിലാണ് | അർപിതം, പട. വടക്ക്,<br>കരുനാഗപ്പള്ളി |
| ശ്രീ. അബ്ദുൾസലീം,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | മാളികത്തറയിൽ, പുന്നക്കുളം,<br>കെ.എസ്.പുരം (പി.ഒ),<br>കരുനാഗപ്പള്ളി |
| ഡോ.ബീന എ.എസ്<br>മെഡിക്കൽ ഓഫീസർ, | അസിസ്റ്റന്റ് സർജൻ, തൊടിയൂർ പി.എച്ച്.സി | വിളയിശ്ശേരിൽ ഹൗസ്<br>തഴവ, കുതിരപന്തി പി.ഒ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി.8/106(2)/2018/05.02.18 | 3 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി.8/423(1)/20/03.07.20 | 1 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി.8/423(2)/20/03.07.20 | 4 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി.8/423(3)/20/03.07.20 | 1 |
| 2010-2011 | കെ.എസ്.എ.കെ.എൽ.എം.പി.8/423(4)/20/03.07.20 | 3 |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി.8/അദാലത്ത് 2011-12/1532/22/29.08.22 | 1 |
| 2012-2013 & 2013-2014 | കെ.എസ്.എ.കെ.എൽ.എം.പി.8/അദാലത്ത് 2012-13 & 2013-14/1532/22/29.08.22 | 7 |
| 2014-2015 & 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി.8/അദാലത്ത് 2014-15 & 2015-16/1532/22/29.08.22 | 6 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി8/423(8)/20 തീയതി 3.07.2020 | 7 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി8/11/20 തീയതി 19.06.2020 | 6 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി8/968/20 തീയതി. 11/11/2020 | 10 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി8/968/20 തീയതി.13.05.2022 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി8/1052/22 തീയതി.16.07.2022 | 11 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി8/517/23 തീയതി. 11.04.2023 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 11-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Oachira Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Oachira Block Panchayat for the year 2022-2023

Date: 28/11/2023

Senior Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Oachira Block Panchayat for the Year 2022-2023

.

**1.Major Observations**

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios and Notes on Account.

2) Cashflow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) The CFC grant in B4 schedule and RP 40(B) is not tallying. Retention amount of Rs. 12,627/- relating to

construction of drain from Parayanathu junction to Kuttikkattu junction is not credited in own fund account.

4) Advance register is not properly maintained/does not match with accounts/not reliable for audit.

5) Unpaid treasury bills are included in Web Saankhya.

6) Bank Account (swatch Bharath Mission) not included in AFS.

7) OB in RP40(a) and CB in RP40(b) does not match with Bank statements.

8) Expenditure in AFS is not tallying with Sulekha statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്